# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :13/07/ 2019

# “ബെൽ ഓഫ് ഫെയ്ത്” മുതിർന്ന പൗരൻമാരുടെ സുരക്ഷയ്ക്കായി കൊല്ലം സിറ്റി പോലീസ്

തനിച്ച് താമസിക്കുന്ന മുതിർന്ന പൗരൻമാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നൂതന പദ്ധതിയുമായി പോലീസ്. ബെൽ ഓഫ് ഫെയ്ത് എന്ന പേരിൽ കൊല്ലം സിറ്റി പോലീസ് മുതിർന്ന പൗരൻമാർക്ക് വേണ്ടി പുതിയ സാമൂഹ്യ സുരക്ഷാ പദ്ധതി ആവിഷ്കരിച്ചു. തനിച്ച് താമസിക്കുന്ന മുതിർന്ന പൗരൻമാർക്ക് ശാരീരിക അവശതകളോ മറ്റ് സഹായങ്ങളോ ആവശ്യമാണെങ്കിൽ സമീപം



താമസിക്കുന്ന സേവന സന്നദ്ധരുടെ സഹായത്തോടെ ഞൊടിയിടയിൽ സഹായം ലഭ്യമാക്കുന്നതാണ് പദ്ധതി. തനിച്ച് താമസിക്കുന്ന വ്യക്തിക് സഹായം ആവശ്യമാണെങ്കിൽ കൈവശമുള്ള റിമോട്ടിന്റെ കൺട്രോൾ കീ അമർത്തിയാൽ സഹായ സന്ദേശം സേവന സന്നദ്ധരായ സമീപവാസികളിൽ എത്തുകയും ഉടൻ തന്നെ സഹായം ലഭിക്കുന്നതരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയതിന് വേണ്ടുന്ന ഉപകരണവും റിമോട്ട് കീയും പോലീസ് സൗജന്യമായി തനിച്ച് താമസിക്കുന്ന മുതിർന്ന പൗരൻമാരുടെ വീട്ടിൽ സ്ഥാപിക്കും. മറ്റ് തുടർ സഹായങ്ങൾ ജനമൈത്രി ബീറ്റ് ആഫീസർമാർ ഉറപ്പ് വരുത്തും. പ്രസ്തു പദ്ധതി പ്രകാരമുള്ള ആദ്യ ഘട്ട ഉപകരണങ്ങളുടെ വിതരണം ജില്ലയിലെ റസിഡന്റ്സ് അസോസിയഷൻ പ്രതിനിധികളുടെ പ്രതിമാസ യോഗത്തിൽ വച്ച് 13.07.2019 രാവിലെ 10.30 മണിക്ക് ജില്ലാ പോലീസ് മേധാവി ശ്രീമതി. മെറിൻ ജോസഫ്. ഐ.പി.എസ്സ് നിർവ്വഹിച്ചു. ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. ഷിഹാബുദ്ദീൻ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് ബെൽ ഓഫ് ഫെയ്ത് പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസറും അഡീ. ഡെപ്യൂട്ടി കമ്മീഷണറുമായ ശ്രീ. മുഹമ്മദ് ആരീഫ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ കുറിച്ച് റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾക്ക് ബോധവൽക്കരണം നടത്തി. യോഗത്തിൽ ജില്ലയിലെ മുഴുവൻ റസിഡന്റസ് അസോസിയഷനുകളുടെ പ്രതിനിധികളും അസിസ്റ്റ് കമ്മീഷണർമാരായ ജോർജ്ജ് കോശി, പ്രദീപ്കുമാർ, വിദ്യാധരൻ മറ്റ് പോലീസുദ്യോഗസ്ഥർ, ജനമൈത്രി ബീറ്റ് ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.